പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.349 — 07.08.2017 ൽ മറുപടിയ്ക്ക്

ഓണക്കാലത്തെ വിലക്കയറ്റം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. കൃഷ്ണൻകുട്ടി : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ഓണക്കാലത്ത് വിലക്കയറ്റം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) സപ്ലൈകോ വിൽപ്പന ശാലകൾ വഴി മിതമായ വിലയിൽ വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾ കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനും ഉത്സകാലങ്ങളിൽ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി ഓണക്കാലത്ത് സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുന്നുണ്ട്. ഇതുവഴി അമിതമായ വിലക്കയറ്റം നിയന്ത്രിക്കാനും, മിതമായ വിലയിൽ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുവാനുമാകും. |
| (ബി) ജി എസ് ടി യുമായി ബന്ധപെട്ട് വൻതോതിൽ പൂഴ്ത്തിവയ്പ്പ് നടന്ന തായും ഇത് ഓണവിപണിയെ ലക്ഷ്യമാക്കിയാണെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പൂഴ്ത്തിവയ്പിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന നടത്തി വരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാ/ താലൂക്ക്/ സിറ്റി തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും, സംസ്ഥാന തലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ